(സി) ചില ലോഡ്ജുടമകൾ അമിത വാടക ഈടാക്കുന്നതായി ആരോപിച്ച് നഗരസഭയിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഗുരുവായൂരിൽ 101 ലോഡ്ജുകൾ ഉണ്ട്. അവയുടെ പേരു വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.† ഒരു മുറിയ്ക്ക് പ്രതിദിനം 125 രൂപ മുതൽ 650 രൂപ വരെ ഈടാക്കുന്നതായി അറിയുന്നു.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

107 (2905) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ പദ്ധതി ചെലവിനായി അനുവദിച്ചിരുന്നു;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)	കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക്	-	1.6218 കോടി രൂപ
	പഞ്ചായത്തുകൾക്ക്	-	3.24 കോടി രൂപ
(ബി)	കൊയിലാണ്ടി മുനിസിപ്പാലിറ്റി	-	1.2626 കോടി രൂപ
	പഞ്ചായത്തുകൾ	-	1.75 കോടി രൂപ

പിറവം ഗ്രാമ പഞ്ചായത്തിൽ പുഴയിലെ മണൽ വാരുന്നതിനുള്ള നിബന്ധനകൾ

108(2906) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്ത് 1.4.1989 മുതൽ 31.3.2000 വരെയുള്ള കാലയളവിൽ പുഴയിലെ മണൽ വാരുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ചുള്ള ലേലം എന്നാണ് നടന്നത്; ആരെല്ലാമാണ് മണൽ വാരുന്നതിനുള്ള ലേലം കൊണ്ടിട്ടുള്ളത്; എന്തു തുകയ്ക്കാണ് ലേലം ഉറപ്പിച്ചത്;

(ഡി) ഇപ്പോൾ മണൽവാരൽ നടക്കുന്നുണ്ടോ; എങ്കിൽ ആരാണ് വാരുന്നത്;

(ഇ) മണൽ വാരുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ; എങ്കിൽ എന്താണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)മണൽ വാരുന്നതിനെ സംബന്ധിച്ച് ജൂൺ മാസത്തിൽ എന്തെങ്കിലും ചർച്ചകൾ ബന്ധപ്പെട്ടവരുമായി പഞ്ചായത്താഫീസിൽവച്ച് നടത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത ചർച്ചയിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(എച്ച്) ചർച്ചാവേളയിൽ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടാവുകയോ പോലീസ് കേസ്സ് എടുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) പിറവം ഗ്രാമപഞ്ചായത്തിൽ 1.4.99 മുതൽ 31.3.2000 വരെ താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

(1) ഏറ്റവും കൂടിയ തുകയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി തുക നിരതദ്രവ്യം ഉൾപ്പെടെ അപ്പോൾതന്നെ ഡെപ്പോസിറ്റായി പഞ്ചായത്തിൽ അടയ്ക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് അടയ്ക്കാത്തപക്ഷം നിരതദ്രവ്യം പഞ്ചായത്ത്ഫണ്ടിൽ മുതൽക്കൂട്ടി അപ്പോൾത്തന്നെ പുനർലേലം നടത്തുന്നതാണ്. ലേലം പഞ്ചായത്ത് കമ്മിറ്റി സ്ഥിരപ്പെടുത്തിയതായി അറിയിപ്പു ലഭിച്ചാൽ മാത്രമേ അടച്ചിട്ടുള്ള തുക ഡെപ്പോസിറ്റായി പരിഗണിക്കുകയുള്ളൂ. പകുതി തുക അടച്ചു എന്ന കാരണത്താൽ ലേലം പഞ്ചായത്തുകമ്മിറ്റി സ്ഥിരപ്പെടുത്തിക്കൊള്ളണമെന്നില്ല.

(2) ലേലം പഞ്ചായത്തുകമ്മിറ്റി സ്ഥിരപ്പെടുത്തിയതായി അറിയിപ്പു കിട്ടി ഏഴു ദിവസത്തിനകം ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള പ്രോപ്പർട്ടി ഈടായി തരേണ്ടതാണ്. ആയതുപ്രകാരമുള്ള പ്രോപ്പർട്ടി പഞ്ചായത്ത്പരിശോധിച്ച് നിയമോപദേശം തേടിയതിനുശേഷം ടി പ്രോപ്പർട്ടി ഈടായി പഞ്ചായത്തിലേക്ക് രജിസ്റ്റർ ചെയ്തു തരേണ്ടതാണ്. എല്ലാ ഇനങ്ങൾക്കും ലേലത്തുകയുടെ 5% വരുന്നതായ മുദ്രപ്പത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തിനു വിധേയമായി കരാർ എഴുതി കുത്തകാവകാശം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഏറ്റുവാങ്ങേണ്ടതാണ്. പ്രോപ്പർട്ടി രജിസ്റ്റർ ചെയ്ത് ഹാജരാക്കി കരാർവച്ച് അനുവാദപത്രം ലഭിക്കുന്നതുവരെ ലേലം കൊണ്ട ആളിന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

അധികാരപ്പെട്ടവർ പരിശോധനയ്ക്കാവശ്യപ്പെടുമ്പോൾ അനുവാദപത്രം കാണിച്ചിരിക്കേണ്ടതാണ്.

(3) ലേലത്തുക 1999 ഏപ്രിൽ മുതൽ ഡിസംബർവരെയുള്ള മാസങ്ങളിൽ 9 തുല്യഗഡുക്കളായി അതാതുമാസം അവസാന തീയതിക്കകമായി പഞ്ചായത്തിലടച്ച് രസീതു വാങ്ങേണ്ടതാണ്. വീഴ്ചവരുത്തുന്നപക്ഷം 18 ശതമാനം പലിശയോടെ ഒടുക്കേണ്ടതാകുന്നു.

(4) സെക്യൂരിറ്റി തുക കരാർ അവസാനിക്കുന്ന മുറയ്ക്ക് അവസാനഗഡുക്കളിലേക്ക് വകവെച്ചു കൊടുക്കുകയോ ബാധ്യതകളില്ലായെങ്കിൽ തിരിച്ചു കൊടുക്കുകയോ ചെയ്യുന്നതാണ്.

(5) പിറവം ഗ്രാമപഞ്ചായത്തിൽ നിന്നും മണൽ, എക്കൽ എന്നിവ വാരി മറ്റു പഞ്ചായത്ത്അതൃത്തിയിൽ ശേഖരിച്ചാൽ, ശേഖരിക്കുന്ന മണലിന് ടോൾ പിരിക്കാൻ കുത്തകക്കാരന് അവകാശമുണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) മണൽ വാങ്ങുന്നതിനുള്ള അവകാശം ലേലം കൊള്ളുന്നയാൾ കാലാകാലങ്ങളിലെ നിരക്കനുസരിച്ചുള്ള റോയൽട്ടി മൈനിംങ്ങ് ആന്റ് ജിയോളജി വകുപ്പിന് നൽകാൻ ബാധ്യസ്ഥനായിരിക്കും.

(7) മതിയായ ലേലത്തുക ലഭിച്ചില്ലായെന്ന് പഞ്ചായത്തിന് ബോധ്യമാകുന്നപക്ഷമോ മറ്റേതെങ്കിലും കാരണത്താലോ, ലേലം റദ്ദാക്കി പുനർലേലം നടത്തുന്നതിന് പഞ്ചായത്തിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(8) പഞ്ചായത്തിൽനിന്നും അനുവാദപത്രം ലഭിക്കുന്നതുവരെ ലേലംകൊണ്ടയാളിന് യാതൊരുവിധ അവകാശവും ഇല്ലാതിരിക്കുന്നതും അവകാശം ലഭിച്ചശേഷം കരാർ വ്യവസ്ഥകൾ ലംഘിക്കുന്നതായാൽ പുനർലേലം ഉൾപ്പെടെ യുക്തമെന്നു തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതും തൻമൂലം വരുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതുമാകുന്നു.

(9) നിബന്ധനകൾ ലംഘിച്ച് നിരോധിതമേഖലയിൽനിന്നും മണൽ വാരിയാൽ ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും നിയമനടപടികൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

(10) കൊല്ലിവല, യന്ത്രോപകരണങ്ങൾ എന്നിവ ഉപയോഗിച്ച് മണൽ വാരാൻ പാടുള്ളതല്ല.

(11) ലേലം ഉറപ്പിച്ച് കിട്ടുന്നയാൾ കുത്തകാവകാശം മറിച്ചു വിൽക്കുകയോ കീഴ്കുത്തകയായി കൊടുക്കുകയോ തുടങ്ങിയ യാതൊരു വിധ കൈമാറ്റവും നടത്തുവാൻ പാടില്ലാത്തതാകുന്നു.

(12) കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഉത്തരവുകളും ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളും പഞ്ചായത്ത് നിയമങ്ങളും ചട്ടങ്ങളും ബൈലോകളും നിർദ്ദേശങ്ങളും കരാറുകാരൻ പാലിക്കുവാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(13) ലേലത്തിൽ പങ്കെടുക്കുന്നതിന് മുൻപായി ലേല നിബന്ധനകൾ വായിച്ചു കേട്ട് ബോധ്യപ്പെടേണ്ടതാണ്.

(14) ഈ സാമ്പത്തികവർഷം മുതൽ ആറ്റിൽനിന്നും ജൂൺ 20 മുതൽ ആഗസ്റ്റ് 20 വരെ രണ്ടുമാസം മണൽ വാരുന്നതു നിരോധിച്ചിരിക്കുന്നു.

(15) പുഴയുടെ ഇരുഭാഗത്തെയും അതിർത്തിയിൽ നിന്നും 10 മീറ്റർ അകലംവിട്ട് മധ്യഭാഗത്തുനിന്നും മാത്രമേ മണൽ നീക്കം ചെയ്യാവൂ.

(16) പുഴയുടെ മണൽപ്പരപ്പിൽ നിന്നും 60 സെന്റീമീറ്ററിൽ കൂടുതൽ ആഴത്തിൽ ഒരു സീസണിൽ മണൽ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(17) മതപരമായും മറ്റും പൊതുപ്രാധാന്യമുള്ള ഭാഗങ്ങളിൽനിന്ന് മണൽ വാരുവാൻ പാടില്ല.

(18) മണൽ വാരുന്നത് രാവിലെ 6 മണിക്കും വൈകുന്നേരം 6 മണിക്കും ഇടയ്ക്കുള്ള സമയങ്ങളിലായിരിക്കണം.

(19) പരിസ്ഥിതിക്കു ദോഷം വരാവുന്ന വിധത്തിലുള്ള മണൽ വാരൽ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(20) കുളിക്കടവുകളും കടത്തുകടവുകളും ഉപയോഗിക്കുന്ന പൊതു ജനങ്ങൾക്ക് മണൽവാരൽമൂലം ശല്യം ഉണ്ടാകുവാൻ പാടില്ല.

(21) ജില്ലാ കളക്ടർ അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള റിവർ മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ അതാതുകാലത്തുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം.

(സി) 23.2.1999 ചൊവ്വാഴ്ച പകൽ 11 മണിക്ക് ആണ് ലേലം നടത്തിയിട്ടുള്ളത്.

	ലേലം കൊണ്ടവരുടെ പേരും മേൽവിലാസവും	ലേലത്തുക (രൂപ)
1.	ഇ.സി. രാജു, ഇടക്കുഴിയിൽ, പാഴൂർ.	11,11,000/
2.	വി.എ. ജോർജ്, വെള്ളാംതടം, പുത്തൻപുര, പിറവം.	6,75,000/-
3.	കെ.സി. അലക്സ്, കളപ്പുരയ്ക്കൽ, മുകക്കുളം നോർത്ത്	10,53,000/-
4.	പൈലി വർഗ്ഗീസ്, മധുരയിൽ, പാഴൂർ.	11,33,000/-
5.	ആർ. തങ്കവേലു, കാട്ടിപ്പറമ്പിൽ, ഡോർ നം.37/2542, കലൂർ,ആസാദ്റോഡ്, കൊച്ചി - 17.	9,51,000/-
6.	വി.ജി.അശോകൻ, വാറ്റുപുരയിൽ, നോർത്ത് പിറമാടം (പി.ഒ)	9,04,000/-
7.	പി.സി. എബ്രഹാം പാറേക്കുന്ന്, പിറവം.	8,61,000/-
8.	ഒ.എൻ. മനോഹരൻ, ആലിക്കുഴിയിൽ, മേവെള്ളൂർ (പി.ഒ).	5,66,000/-

LIBRARY ARCHIVES Kerala Legislative Assembly

9. പി.സി. തോമസ്, 3,01,000/-
പാപ്പനശ്ശേരിൽ,
കാരിക്കോട് (പി.ഒ).

(ഡി) ഉണ്ട്. പഞ്ചായത്ത് തൊഴിലാളികളെക്കൊണ്ട് നേരിട്ട് വാരിക്കുന്നു. 9-ാം കടവ് ലേലത്തിൽ കൊണ്ടിട്ടുള്ള ശ്രീ. പി.സി. തോമസ്. പാപ്പനശ്ശേരിൽ, കാരിക്കോട്, പി.ഒ. എന്നയാൾ മാത്രം പഞ്ചായത്തുമായി നിയമാനുസൃത കരാർവച്ച് മണൽ വാരുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) പഞ്ചായത്താഫീസിൽവച്ച് നടത്തിയിട്ടില്ല. എന്നാൽ 2859/96, 10367/99, 11273/99 എന്നീ നമ്പർ ഒ.പി.കളിന്മേൽ ബഹു: കേരള ഹൈക്കോടതി 28.5.99-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ ഉത്തരവുപ്രകാരം 21.6.99-ൽ പത്രപ്പരസ്യം നടത്തി, പഞ്ചായത്ത് ഠൗൺ ഹാളിൽവച്ച് എല്ലാ വിഭാഗത്തിലും പെട്ട പൊതുജനങ്ങളെ പഞ്ചായത്ത് നേരിൽ കേൾക്കുകയുണ്ടായി.

(ജി) പ്രസ്തുത യോഗത്തിൽ പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരാതികളും കേൾക്കുകയും രേഖാമൂലമുള്ളവ സ്വീകരിക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ. തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(എച്ച്) അപ്രകാരമൊന്നും ഉണ്ടായിട്ടില്ല.

പവിത്രേശ്വരം പഞ്ചായത്തിലെ പഞ്ചായത്ത് കിണറിന്റെ അറ്റകുറ്റപ്പണി

109(2907) ശ്രീ. പി.കെ. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പവിത്രേശ്വരം പഞ്ചായത്തിൽ കരിമ്പിൻപുഴയിൽ ഉള്ള പഞ്ചായത്ത്കിണർ ഉപയോഗശൂന്യമായി കിടക്കുന്നത് സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എന്തു നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി കരിമ്പിൻപുഴ പാലമുക്കിന് തെക്കുവശമുള്ള കിണറിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ടി കിണറിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 5000/- രൂപയുടെ പ്രോജക്ടിന് ഡി.പി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly